# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4790** **19.05.2017-ൽ മറുപടിയ്ക്ക്**

## കായംകുളം മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| കായംകുളം മണ്ഡലത്തിൽ കടലിനോട് ചേർന്ന് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | കടലാക്രമണ ഭീഷണി നിലനിൽക്കുന്ന മേഖലയിൽ തീരത്തോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പ്രഥമ പരിഗണന നൽകിയാണ് 2017-18 ലെ മത്സ്യത്തൊഴിലാളി ഭവന പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. 2017-18 ൽ ഭവനപദ്ധതിയ്ക്കായി ആകെ 150 കോടി രൂപ വകയിരുത്തിയിട്ടു ണ്ട്.<br>പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>• 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 48 കോടി രൂപ വകയിരുത്തി യിട്ടു ണ്ട്. നിലവിൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും എന്നാൽ CRZ അനുവദനീയ മേഖലകളിൽ സ്വന്തമായി ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളികൾക്കാണ് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത്.<br>• 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിനായി 75 കോടി രൂപ വകയിരുത്തിയിരിക്കുന്നു.<br>• തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ വകയിരുത്തിയിട്ടു ണ്ട്. തീരദേശ ജില്ലകളിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ വക ഭൂമി യുദ്ധകാലാടി സ്ഥാനത്തിൽ ലഭ്യമാക്കുന്നതിനും സ്വകാര്യ ഭൂമി നെഗോഷ്യബിൾ പർച്ചേസ് മുഖാന്തിരമോ അക്വിസിഷൻ മുഖാന്തിരമോ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതായിരിക്കും.<br>• നിലവിൽ തീരത്തോട് ചേർന്ന് താമസിക്കുന്നവരും CRZ അനുവദനീയ മേഖല യിലെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് |

മാറി താമസിക്കാൻ താല്പര്യമുള്ളവരോ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരോ ആയ 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 8 വീടുകൾ അടങ്ങിയ 25 കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് 20 കോടി രൂപ 2017-18 വർഷം നീക്കി വെച്ചിട്ടു ണ്ട്. ഇതിനായി സർക്കാർ അനുവദിച്ചു നൽകുന്ന ഭൂമിയോ വകുപ്പ് നെഗോഷ്യബിൾ പർച്ചേസ് മുഖാന്തിരം വാങ്ങുന്ന ഭൂമിയോ പ്രയോജനപ്പെടുത്തുന്നതാണ്.

മേൽ പദ്ധതികൾ ആലപ്പുഴ ജില്ല ഉൾപ്പെടെയുള്ള 9 തീരദേശ ജില്ലകളിലും ജില്ലാ ഓഫീസുകൾ മുഖേന നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ആഫീസർ